# പതിനാലാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2478** **12.06.2018-ൽ മറുപടിക്ക്**

നേമം മണ്ഡലത്തിലെ വൈദ്യുത പദ്ധതികൾ

| | ചോദ്യം<br>ശ്രീ.ഒ. രാജഗോപാൽ : | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നേമം നിയോജക മണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള വൈദ്യുതിയുമായി ബന്ധപ്പെട്ട പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നേമം നിയോജക മണ്ഡലത്തിൽ 30.953 ലക്ഷം രൂപയുടെ DDUGJY പദ്ധതി പ്രകാരമുള്ള പ്രവൃത്തികളും, 16.71 ലക്ഷം രൂപയുടെ PPS വർക്കുകളും അനുവദിച്ചിട്ടുണ്ട്. ഇതു കൂടാതെ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിപ്രകാരമുള്ള പ്രവൃത്തികൾക്കും ബോർഡിന്റെ തനതു ഫണ്ട് ഉപയോഗിച്ചുള്ള മറ്റുപ്രവൃത്തികൾക്കുമായി 138.97 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. |
| (ബി) | നേമം മണ്ഡലത്തിൽ പുതുതായി ഏതെല്ലാം പദ്ധതികളാണ് പരിഗണനയിലുള്ളതെന്ന് അറിയിക്കാമോ? | (ബി) | 2018-2021 കാലയളവുകളിൽ ആഗോള നിലവാരത്തിലുള്ളതും തടസ്സരഹിതമായതും ഗുണമേന്മയേറിയതും അപകടരഹിതവുമായ വൈദ്യുതി ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനായി നേമം നിയോജക മണ്ഡലത്തിലെ വിതരണ മേഖലയിൽ ബോർഡിന്റെ തനതു ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കേണ്ട 142.47 ലക്ഷം രൂപയുടെ പ്രവൃത്തികൾ പ്രോജക്റ്റ് മാനേജ്മെന്റ് യൂണിറ്റുകൾ മുഖേന ആസൂത്രണം ചെയ്തിട്ടുണ്ട്. ഇതു പ്രാവർത്തികമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. |

[signature]

സെക്ഷൻ ഓഫീസർ